ടി ഇക സഹകരണ വകുപ്പിന്റെ പ്ലാൻ ഹെഡിൽ ഉൾപ്പെടുത്തി 2013-14, 2014-15 വർഷങ്ങളിൽ 25 ലക്ഷം രൂപ വീതം ലഭിച്ചതിൽനിന്നുമാണ് നൽകിയിട്ടുള്ളത്.

(ഡി) സഹകരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന മാനേജിംഗ് ഡയറക്ടർ, ബിസിനസ് മാനേജർ എന്നിവർക്ക് സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ശമ്പളം നൽകുന്നത്. ഫെഡറേഷൻ ജീവനക്കാർക്ക് ഇപ്രകാരം പദ്ധതിയിൽ തുക ലഭ്യമാക്കുന്നില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ഫെഡറേഷനിലെ നിലവിലുള്ള ജീവനക്കാരുടെയും പെൻഷൻ പറ്റിയ ജീവനക്കാരുടെയും പി.എഫ്., പെൻഷൻ, ഗ്രാറ്റുവിറ്റി, ടെർമിനൽ സറണ്ടർ, ഡി.എ. അരിയർ തുടങ്ങിയ കുടിശ്ശികകൾ സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് അനുബന്ധം ആയി ചേർക്കുന്നു.*

വ്യാപാര പദ്ധതികൾ വിപുലപ്പെടുത്തി ശമ്പള കുടിശ്ശികകൾ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ്

226 (5029) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.;

(എ) പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ പുതിയ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തിനായി എല്ലാവിധ ആനുകൂല്യങ്ങളും സർക്കാർ നൽകിവരുന്നു. എന്നിരുന്നാലും മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ യോഗ്യത നേടുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ 50 ശതമാനം പേർക്കുപോലും പ്രവേശനം ലഭ്യമാകുന്നില്ല. ഇപ്രകാരം യോഗ്യരായ വിദ്യാർത്ഥികൾ പ്രവേശനം ലഭിക്കാതെ പിന്തള്ളപ്പെട്ടു പോകുന്ന സാഹചര്യം ഒഴിവാക്കി പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിന് കൂടുതൽ അവസരങ്ങൾ നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടിയാണ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാവുന്ന തരത്തിൽ പാലക്കാട് ഒരു മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും തുടങ്ങണമെന്ന് സർക്കാർ തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുകയും അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

(സി) പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുവേണ്ടി 559.68 കോടി രൂപയുടെ പ്രോജക്ടിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ 101.73 കോടി രൂപ ടി പ്രോജക്ടിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 150 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം 150 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണ നിർവ്വഹണത്തിനായി 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം "ദി സൊസൈറ്റി ഫോർ ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ്" എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. അക്കാദമിക് ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തിയാക്കി 19-9-2014-ന് ഉദ്ഘാടനം നിർവ്വഹിക്കുകയും അദ്ധ്യയനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കോർപ്പസ് ഫണ്ടിൽനിന്നും ചെലവഴിച്ച തുക

227 (5030) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പസ് ഫണ്ടിൽനിന്നും പട്ടികജാതി പിന്നോക്കക്ഷേമവകുപ്പ്എത്ര കോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി

LIBRARY ARCHIVES Kerala Legislative Assembly